# ഓർമ്മകൾ. . . . ഓർമ്മകൾ . . . .
### (2010 ഡിസംബർ)

## ജയിലിൽ നിന്ന് നിയമസഭയിലേക്ക്

ഡറ്റിന്യൂ തടവുകാരനായി പൂജപ്പുര ജയിലിൽ കിടക്കുമ്പോഴാണ് തിരു–കൊച്ചി സഭയിലേക്ക് അച്ഛൻ മത്സരിച്ച് ജയിക്കുന്നത്. എ. ജെ. ജോണ് മന്ത്രിസഭയുടെ കാലത്ത് അച്ഛൻ നിയമസഭാംഗമാണ്. സഭാംഗമായതോടെ അച്ഛൻ ജയിൽമോചിതനായി. ആ മന്ത്രിസഭ രണ്ടു കൊല്ലമോ മറ്റോ ഉണ്ടായിരുന്നുള്ളൂ. ആ കാലത്ത് സഭകൾക്ക് ആയുസ് തീരെ കുറവായിരുന്നു. പിന്നീട് അച്ഛന് മത്സരിച്ചിട്ടില്ല. അറസ്റ്റും ഒളിജീവിതവുമൊന്നും അച്ഛന് ഉണ്ടായതുമില്ല. അങ്ങനെ അച്ഛനെ കിട്ടിയ സന്തോഷത്തിലായിരുന്നു ഞങ്ങൾ. പക്ഷേ, പിന്നീട് അച്ഛന് അധികകാലം ജീവിച്ചിരുന്നില്ല. 1957–ലെ മന്ത്രിസഭ വരുമ്പോൾ അച്ഛന് സ്ട്രോക്ക് വന്ന് കിടപ്പിലായിരുന്നു. ആ വർഷം തന്നെ മരിച്ചു.




എന്റെ അമ്മയുടെയും അച്ഛന്റെ അമ്മയുടെയുമൊക്കെ വലിയൊരു സാക്രിഫൈസ് അച്ഛന്റെ രാഷ്ട്രീയ ജീവിതത്തിലുണ്ട്. ഞങ്ങളോടൊപ്പം കഴിഞ്ഞിരുന്ന മുത്തശ്ശിയുടെ സഹോദരി മരിക്കുമ്പോൾ അച്ഛൻ ഒളിവിലായിരുന്നു. ചികിത്സയിലാണെന്നും സ്ഥിതി വഷളാവുക യാണെന്നും മറ്റും ദൂതന്മാർ വഴി ഒളിസങ്കേതത്തിൽ അറിയിച്ചിരു ന്നെങ്കിലും അച്ഛന് പുറത്തിറങ്ങാനാവുമായിരുന്നില്ല. കാരണം അച്ഛൻ വരുമെന്നു കരുതി രഹസ്യപ്പൊലീസ് വീടിനു ചുറ്റുമുള്ള വഴികളിൽ നില യുറപ്പിച്ചിരുന്നു. പുറമേ ഒറ്റുകാരുടെ കണ്ണും കാതും.



അമ്മയും അമ്മൂമ്മയും ഒരിക്കലും ദുഃഖ കഥാപാത്രങ്ങളെപ്പോലെ വിതുമ്പിയിട്ടില്ല. വീട് കൊള്ളയടിക്കുന്നതും ഏക മകന്റെ ദീർഘകാല ഒളിവും സാധാരണ സ്ത്രീക്ക് താങ്ങാവുന്നതിനും അപ്പുറമാണല്ലോ. പക്ഷേ, അതൊന്നും അവരെ ബാധിച്ചില്ല.



ഷെൽട്ടറിൽ നിന്നും പുറത്തിറങ്ങാനാവാത്ത അവസ്ഥ ക്രമേണ മാറി. സഖാക്കളിൽ പലരും പുറത്തിറങ്ങി സഞ്ചരിക്കാൻ തുടങ്ങി. അങ്ങനെയൊരു സാഹചര്യത്തിൽ വീട്ടിൽ വച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി സ്റ്റേറ്റ് കോൺഫറൻസ് നടന്നു. ആ യോഗത്തിൽ വച്ചാണ് കുന്തക്കാരൻ കെ.വി. പത്രോസ് സ്ഥാനം ഒഴിയുന്നതും എം. എൻ. സെക്രട്ടറിയാകുന്നതും. പാർട്ടി സ്റ്റേറ്റ് കൌൺസിലും അന്ന് രൂപീകരിച്ചു.



സുശീലാഗോപാലന്റെ അമ്മാവൻ കരുണാകരപ്പണിക്കർ മുഹമ്മ കയർ വർക്കേഴ്സ് യൂണിയൻ പ്രസിഡന്റായിരുന്നു. എന്റെ അച്ഛൻ ചേർത്തല കയർ വർക്കേഴ്സ് യൂണിയൻ പ്രസിഡന്റും. പിന്നീട് എം. എൽ. എ, ആയി. അവിരാ തരകൻ ആയിരുന്നു അരൂർ കയർ വർക്കേഴ്സ് യൂണിയന് പ്രസിഡന്റ്. ടി.വി. തോമസ് ആകട്ടെ ആലപ്പുഴ കയർ വർക്കേഴ്സ് യൂണിയൻ പ്രസിഡന്റും. ഇവരെല്ലാം തമ്മിൽ നിരന്തരം സമ്പർക്കമുണ്ടായിരുന്നു. സുശീലയുടെ കുടുംബവുമായുള്ള ബന്ധത്തെക്കാൾ ഉപരി രാഷ്ട്രീയ പ്രവർത്തന ബന്ധമാണ് കൂടുതൽ.

## വയലാറിനു കാരണം രാമൻ കൊലക്കേസ്

വയലാർ ആക്ഷനെക്കുറിച്ച് അച്ഛൻ പ്രത്യേകമായി ഒന്നും പറഞ്ഞിട്ടില്ല. വാരിക്കുന്തം കൊണ്ട് പട്ടാളത്തെ നേരിടുകയല്ലാതെ മറ്റു മാർഗ്ഗമില്ലല്ലോ. സ്വയം പ്രതിരോധത്തിന്റെ ഭാഗമായിരുന്നല്ലോ അത്. പട്ടാളത്തെ നേരിടാനുള്ള യുദ്ധസന്നാഹമൊന്നും ആയിരുന്നില്ലല്ലോ തൊഴിലാളി ക്യാമ്പ്. പുരുഷന്മാർ സ്വന്തം വീട്ടിൽ താമസിച്ചാൽ പൊലീസ് കയറി സ്ത്രീകളെ ഭീഷണിപ്പെടുത്തും. പുരുഷൻ പുറത്തിറങ്ങിയാൽ ജന്മിമാരുടെ ഗുണ്ടകൾ തല്ലും. അങ്ങനെ ജീവിതം ഭീഷണിയിലായ ഘട്ടത്തിലാണ് തൊഴിലാളികൾ ക്യാമ്പുകളിൽ അഭയം തേടുന്നത്.

വയലാറിൽ അഞ്ചുരൂപ പൊലീസ് എന്തു തോന്ന്യാസവും കാണിക്കുന്ന കാലമായിരുന്നു അത്. അഞ്ചുരൂപ പൊലീസിനോടുള്ള പ്രതികാരം വീട്ടാനായി നടത്തിയ രാമന്റെ കൊലപാതകമാണ് പുന്നപ്ര–വയലാർ സമരത്തിലേക്കു നയിച്ചത്.

ജന്മിയുടെ ഗുണ്ടയായിരുന്ന രാമൻ. കട്ടിയാട്ട് ശിവരാമപ്പണിക്കർ എന്ന ജന്മിയുടെ വീട്ടുമുറ്റത്തെ തെങ്ങിൽ തൊഴിലാളികളെ കെട്ടിയിട്ട് പൈശാചികമായി മർദ്ദിക്കാൻ നേതൃത്വം കൊടുത്തത് രാമനായിരുന്നു. (അച്ഛന്റെയും എന്റെയും ഹെഡ്മാസ്റ്ററായിരുന്നു ശിവരാമപ്പണിക്കർ എന്നത് വേറെ കഥ) ശിവരാമപ്പണിക്കരുടേതുപോലെ മൂന്ന് നാല് മർദ്ദക ജന്മികുടുംബങ്ങൾ അവിടെ ഉണ്ടായിരുന്നു. കർഷകപ്രസ്ഥാനവും തൊഴിലാളി പ്രസ്ഥാനവു

മൊക്കെ ശക്തമായതോടെ ജന്മിമാരുടെ ഭീഷണി ഏശാതെ പോയി. ആ ചെറുത്തുനിൽപിന് മുന്നിട്ടുനിന്ന തൊഴിലാളികളെയാണ് തെങ്ങിൽ പിടിച്ചുകെട്ടിയിട്ട് ഇഞ്ചിഞ്ചായി ചതച്ചത്. അതിനുള്ള തിരിച്ചടിയായാണ് രാമനെ ആക്രമിച്ചത്. രാമന് കൊല്ലപ്പെട്ടു. അതോടെ പ്രദേശത്ത് സംഘർഷം മുറുകി. ജന്മിമാരും ഗുണ്ടകളും ഒന്നായി ഭീകരാവസ്ഥയിലേക്ക് പ്രദേശത്തെ നയിച്ചപ്പോഴാണ് രക്ഷാസങ്കേതമെന്ന നിലയിൽ തൊഴിലാളി ക്യാമ്പുകൾ ഉണഅടായത്. ഈ ക്യാമ്പുകളെ യുദ്ധസന്നാഹമായി കരുതി ജന്മിമാർ പട്ടാളത്തെ വിളിച്ച് ആക്രമിക്കുന്ന നിലയിലേക്ക് തള്ളിവിടുകയായിരുന്നു.

ഇന്ന് സങ്കൽപിക്കാൻ പോലും പറ്റാത്ത ക്രൂരമായ മർദ്ദനങ്ങളാണ് അന്ന് ജന്മിമാർ നടപ്പാക്കിയത്. തന്റെ ഇംഗിതത്തിനു വഴങ്ങാത്ത ഒരു സ്ത്രീയെ കഴുത്തറ്റം മണ്ണിട്ടുമൂടി നിർത്തി ദീനവിലാപം ആസ്വദിച്ച ജന്മിയുടെ കഥ കെ.സി. ജോർജ് ആത്മകഥയിൽ പറയുന്നുണ്ട്. ആ സ്ത്രീ മണ്ണിൽ നിന്നു തന്നെ അതിദാരുണമായി മരിച്ചു. പിൽക്കാലത്ത് ആ സ്ത്രീ മരിച്ച സമയമാകുമ്പോൾ ജന്മിക്ക് ഭ്രാന്തിളകുമായിരുന്നു എന്ന് നാട്ടുകാർ പറഞ്ഞ കഥയും അദ്ദേഹം വിവരിക്കുന്നുണ്ട്.

ഇത്തരം സംഭവങ്ങളോടുള്ള സ്വാഭാവിക പ്രതികരണം മാത്രമായിരുന്നു തൊഴിലാളി ക്യാമ്പും ഇവിടുള്ള സംഭവങ്ങളും. ഇതിലൊന്നും അച്ഛൻ പങ്കെടുക്കരുതെന്ന് അച്ഛന്റെ അമ്മയോ എന്റെ അമ്മയോ പറഞ്ഞില്ല. മാത്രമല്ല എല്ലാ സൌകര്യങ്ങളും ചെയ്തുകൊടുക്കുകയും ചെയ്തു. ജയിലിലായിരുന്ന അച്ഛൻ തിരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ മുത്തശ്ശി സജീവമായി പ്രചരണരംഗത്തുണ്ടായിരുന്നു.

മുത്തശ്ശിയെക്കുറിച്ചു പറയുമ്പോൾ രസകരമായ ഒരു സംഭവം ഓർക്കുന്നു. ചീരപ്പൻചിറയിലുള്ള മുത്തശ്ശിയുടെ ഒരു കസിൻ രാമപ്പണിക്കർ കോൺഗ്രസ് സ്ഥാനാർത്ഥിയായി തിരഞ്ഞെടുപ്പിൽ മത്സരിക്കുകയാണ്. ഈ സമയം പ്രദേശത്തെ സഖാക്കൾ വന്ന് മുത്തശ്ശിയോടു പരാതി പറഞ്ഞു: കുടുംബ മാഹാത്മ്യം പറഞ്ഞ് രാമപ്പണിക്കർ ജയിക്കും. തോറ്റുകിട്ടാൻവേണ്ടി എന്തെങ്കിലും ചെയ്യണം!

അതുകേട്ട് മുത്തശ്ശി മുഹമ്മയിലെത്തി ബന്ധുവീടുകൾ കയറിയിറങ്ങി പറഞ്ഞു: രാമപ്പണിക്കർ ബന്ധു തന്നെ. പക്ഷേ, ശത്രുപാളയത്തിലാണ്. വോട്ടു കൊടുക്കരുത്.

## ടി.വി. ഒരിക്കലും ഒളിവിൽ പോയില്ല

1957 ആകുമ്പോഴേക്കും കേരളമൊട്ടാകെ കമ്മ്യൂണിസ്റ്റുകാരുടെ ഉയിർത്തെഴുന്നേൽപ് പ്രകടമായിരുന്നു. എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ പാർട്ടിക്കു കിട്ടി. മറുവശത്ത് കോൺഗ്രസ്സാകട്ടെ നേതൃത്വമില്ലാതെ ശൈഥില്യം നേരിടുന്ന അവസ്ഥയിലും.



ടി.വി.തോമസ്

വയലാർ ആക്ഷനുശേഷം ടി.വി തോമസ് ഒരിക്കലും ഒളിവിൽ പോയിട്ടില്ല. ഒളിവിൽ പോകാൻ പാടില്ല എന്നായിരുന്നു പാർട്ടി നിലപാട്. അതുകൊണ്ടുതന്നെ ആക്ഷനുശേഷം വീട്ടിലെത്തിയ ടി.വിയെ അവിടെവച്ചാണ് പൊലീസ് അറസ്റ്റു ചെയ്യുന്നത്.

വയലാർ ആക്ഷന്റെ മുന്നണിനേതാക്കൾ വെടിയേറ്റു മരിക്കുകയോ പരിക്കേൽക്കുകയോ ചെയ്തിട്ടുണ്ടോ എന്നു ചോദിച്ചാൽ അങ്ങനെയൊരു ആക്ഷനുവേണണ്ടി പട്ടാളത്തെ നയിക്കും പോലെ തൊഴിലാളികളെ നയിക്കുകയായിരുന്നില്ല അവർ. ക്യാമ്പ് വളഞ്ഞ് പട്ടാളം ആക്രമിക്കുകയായിരുന്നല്ലോ.

വയലാർ ക്യാമ്പ് ആക്രമിക്കാൻ പലതവണ ശ്രമിച്ച് പട്ടാളം പരാജയപ്പെട്ടതാണ്. ഒടുവിൽ സർവ്വ സന്നാഹങ്ങളോടും കൂടി ബോട്ടിൽ വന്നായിരുന്നു ആക്രമണം. ആ സമയം തൊഴിലാളികൾ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു.

അവസാന തൊഴിലാളിയും ക്യാമ്പിലില്ല എന്നുറപ്പ് വരും വരെ പട്ടാളം നിറയൊഴിച്ചുകൊണ്ടിരുന്നു. ഉച്ചയ്ക്ക് തുടങ്ങിയ തോക്കുകളുടെ ഗർജ്ജനം സന്ധ്യവരെ തുടർന്നു. കുറെയേറെപ്പേർ രക്തം വാർന്ന് പിടഞ്ഞു മരിച്ചു. കുറെപ്പേർ നീന്തി രക്ഷപ്പെട്ടു.

ഗുണ്ടകളെ നേരിടുന്നതിന് അപ്പുറമുള്ള സന്നാഹമൊന്നും ക്യാമ്പിൽ ഉണ്ടായിരുന്നില്ല. ഗുണ്ടകളാകട്ടെ ക്യാമ്പിൽ വരാൻ ധൈര്യപ്പെട്ടുമില്ല.


## രണഭൂവിലേക്ക് . . . . .

ചേർത്തലയിൽ നിന്നും ഹൈസ്കൂൾ പാസായശേഷം എറണാകുളം മഹാരാജാസിലാണ് ഞാന് ഇന്റർമീഡിയറ്റ് പഠനത്തിനു ചേരുന്നത്. ഒ.എൻ.വി.യുടെ ഭാര്യ സരോജിനി അന്ന് സഹപാഠിയായിരുന്നു. മരിച്ചുപോയ സാമ്പത്തികകാര്യ വിദഗ്ദ്ധന് മാത്യുകുര്യൻ അന്ന് വിദ്യാർത്ഥി നേതാവായി അവിടെയുണ്ട്.

എറണാകുളത്ത് വന്നപ്പോൾ പാർട്ടി ജില്ലാ കമ്മിറ്റി സെക്രട്ടറി ടി. കെ. രാമകൃഷ്ണനായിരുന്നു അടുത്ത കൂട്ട്. നാടകക്കാരനെന്ന നിലയിൽ ടി.കെയെ നേരത്തേതന്നെ അറിയും. വയലാറിലെ വീട്ടിൽ വന്നു താമസിച്ച് അടച്ചിട്ട മുറിയിൽ 'ധ്യാനനിരതനായി' ടി.കെ. നാടകമെഴുതുന്നത് ഓർമ്മയിലുണ്ട്. തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ നിന്നും രാഷ്ട്രീയത്തിന്റെ പേരിൽ ഒരു സംഘം വിദ്യാർത്ഥികളെ പുറത്താക്കി. അവരിൽ രാമ കൃഷ്ണനും ഏരൂർ വാസുദേവനും ഉണ്ടായിരുന്നു. രണ്ടുപേരും നാടകഭ്രാന്തരായിരുന്നു. അച്ഛന് തൃപ്പൂണിത്തുറ യുമായുള്ള ബന്ധം വഴിയാകാം രാമകൃഷ്ണനും വാസുദേവനും അണിചേർന്ന് കയർ ഫാക്ടറി യൂണിയന് ഒരു കലാസമിതി ഉണ്ടാക്കി. രാമകൃഷ്ണനെക്കൊണ്ട് രണ്ടു നാടകം എഴുതിച്ചു. രണ്ടാമത്തേത് അരങ്ങിലെത്തിയപ്പോഴേക്കും നിരോധിച്ചു. 'വിജയം' എന്നാണ് നിരോധിച്ച നാടകത്തിന്റെ പേർ.

എം.എം. ലോറൻസിനെയും അമ്പാടി വിശ്വനാഥമേനോനെയും അന്നു പരിചയമുണ്ട്. ഇടപ്പള്ളി കേസിലെ പ്രതികളാണ് ലോറൻസും കെ.സി. മാത്യുവും ഒക്കെ. ഇവരുമായുള്ള സഹവാസവും വിദ്യാർത്ഥി യൂണിയൻ പ്രവർത്തനവുമൊക്കെ ആയതിനാൽ ഡിഗ്രിക്ക് പ്രവേശനം തരില്ലെന്ന് തീർത്തുപറഞ്ഞു പ്രിൻസിപ്പൽ. 'കാടൻ' എന്ന ഇരട്ടപ്പേരുള്ള ഒരു മേനോനായിരുന്നു പ്രിൻസിപ്പൽ എന്നാണ് എന്റെ ഓർമ്മ.


സരോജിനി


മാത്യുകുര്യൻ


ടി.കെ.രാമകൃഷ്ണൻ


എം.എം. ലോറൻസ്


വിശ്വനാഥമേനോൻ


കെ.സി.മാത്യു

## ടി.കെ.ജി. പറഞ്ഞു: ചിറ്റൂരിനു വിട്ടോ....

മഹാരാജാസിൽ ഡിഗ്രിക്ക് പഠിക്കാൻ പറ്റില്ലെന്ന് ഉറപ്പായപ്പോൾ നേരെ പോയത് പാലക്കാട് ചിറ്റൂർ ഗവ. കോളേജിലേക്കാണ്. അങ്ങോട്ടു പോകാൻ ഒരു പ്രേരണ തന്നത് അന്ന് നവജീവന് പത്രത്തിലുണ്ടായിരുന്ന ടി.കെ.ജി. നായർ ആയിരുന്നു. ഡിഗ്രി അഡ്മിഷന് കാര്യം പറഞ്ഞപ്പോൾ ടി.കെ.ജി ചിരിച്ചു: നേരെ ചിറ്റൂരിനു വിട്ടോ. അവിടാകുമ്പോൾ കമ്മ്യൂണിസ്റ്റാണെന്ന് പെട്ടെന്ന് പിടികിട്ടില്ല. വേറെ എവിടെച്ചെന്നാലും ആളറിയും.


ടി.കെ.ജി. നായർ

ഉറക്കംതൂങ്ങിയ ഗ്രാമമായിരുന്നു ചിറ്റൂർ. അവിടെ അഡ്മിഷൻ തിരക്കി ചെന്നപ്പോൾ നേരെ കണ്ണിൽപ്പെട്ടത് മഹാരാജാസിൽ പ്രൊഫസറായിരുന്ന തികഞ്ഞ കമ്മ്യൂണിസ്റ്റ് വിരോധി ഡേവിഡ് സാറിനെ! ഞാൻ ധൈര്യമായി കാര്യം പറഞ്ഞു. അപ്പോൾ 'ആ കാടന് അത്രയ്ക്ക് ധിക്കാരമോ' എന്നുപറഞ്ഞ് എന്റെ കൈപിടിച്ച് നേരെ പ്രിൻസിപ്പലിന്റെ മുറിയിലേക്ക് കയറി: ഈ പയ്യന് കമ്മ്യൂണിസ്റ്റാണ്. പക്ഷേ, നല്ല വിദ്യാർത്ഥിയാണ്. ഇവിടെ അഡ്മിഷൻ കൊടുക്കണം. ഞാൻ ലോക്കൽ ഗാർഡിയനായി നിൽക്കാം.

പ്രിൻസിപ്പൽ സമ്മതിച്ചു. ഞാനാകെ അന്തിച്ചു. കമ്മ്യൂണിസ്റ്റുകാരന് കമ്മ്യൂണിസ്റ്റ് വിരോധി അഡ്മിഷൻ ഉറപ്പാക്കിയിരിക്കുന്നു!!

## വീട്ടിൽ പറയാതെ ഗോവ വിമോചനത്തിന്

അങ്ങനെ ചിറ്റൂർ കോളേജിൽ ബി. എ ഇക്കണോമിക്സിനു ചേർന്നു. ഡിഗ്രി ഒന്നാം വർഷം പഠിക്കുമ്പോഴാണ് ഗോവ വിമോചന സമരത്തിനായി പോകുന്നത്.

അന്ന് പാർട്ടി സെക്രട്ടറി അജയഘോഷാണ്. എസ്.എ.ഡാങ്കേ കേന്ദ്രക്കമ്മിറ്റി അംഗവും എ.ഐ.ടി.യു.സി നേതാവുമാണ്. ഡാങ്കേയുടെ നേതൃത്വത്തിലാണ് ഗോവാ വിമോചന സമിതി രൂപീകരിക്കുന്നത്. ബുദ്ധിജീവികളും സ്വാതന്ത്ര്യ സമരഭടന്മാരും ഉൾപ്പെടുന്നതായിരുന്നു സമിതി.

1956 ആഗസ്റ്റ് 15—ന് ഗോവയിലേക്ക് ഒരു ബഹുജനമാർച്ച് നടത്താൻ സമിതി ആഹ്വാനം ചെയ്തതനുസരിച്ചാണ് ഞാനും മറ്റു മൂന്നു സുഹൃത്തുക്കളും തീവണ്ടിയിൽ ബോംബെയിലേക്ക് പോകുന്നത്. ഞാനന്ന് എ.ഐ.എസ്. എഫിന്റെ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറിയാണ്. തിരുവനന്തപുരം, ആലപ്പുഴ, തൃശൂർ ജില്ലകളിൽ നിന്നുള്ളവരാ


യിരുന്നു മറ്റു മൂന്നു സഖാക്കൾ. പെട്ടെന്ന് പേർ ഓർമ്മ വരുന്നില്ല. തൃശൂരിൽ വച്ച് ഞങ്ങൾക്ക് വലിയൊരു യാത്രയയപ്പ് നൽകി. കെ.കെ.വാരിയരാണ് അതിനു നേതൃത്വം നൽകിയത്. വീട്ടിൽ പറയാതെയായിരുന്നു യാത്ര. ബോംബെയിൽ ട്രെയിനിറങ്ങിയ ഞങ്ങളെ അവിടുത്തെ സഖാക്കൾ പൂനയിലേക്ക് കൊണ്ടുപോയി.


പൂനയിൽ നിന്നാണ് ഗോവയിൽ എത്തിയത്. ഗോവ അതിർത്തിയോടു ചേർന്നുള്ള ഇന്ത്യൻ ഗ്രാമമായ സാവന്ത്‌വാടിയിലാണ് മാർച്ച്. അതിന് അടുത്തുള്ള ധർമ്മശാലകളിലായി ഞങ്ങൾ, ആയിരക്കണക്കിന് വാളണ്ടിയർമാർ തമ്പടിച്ചു. ഗോവയിൽ എന്തു നടക്കുന്നു എന്ന് പത്രങ്ങളിലൂടെ മാത്രമേ അറിയാൻ മാർഗ്ഗമുള്ളൂ. ഞങ്ങൾ സാവന്ത്‌വാടിയിൽ ചെല്ലുമ്പോൾ ഗോവയിൽ ഷൂട്ട് അറ്റ് സൈറ്റ് ഓർഡറുണ്ട്.


രണ്ടു ഭാഗവും ഗോവന് അതിർത്തി വരുന്ന പ്രദേശത്തുകൂടിയാണ് മാർച്ച് നടത്തേണ്ടത്. ഗോവൻ അതിർത്തിയിൽ ടോൾ ഗേറ്റിലെ കെട്ടിടങ്ങളുടെ മുകളിൽ പോർച്ചുഗീസ് പട്ടാളം നിലയുറപ്പിച്ചിരുന്നു. വെള്ളക്കാരും ആഫ്രിക്കക്കാരുമായിരുന്നു പട്ടാളക്കാർ. അവർ ഒരു പ്രകോപനവുമില്ലാതെ നിറയൊഴിച്ചു കൊണ്ടേയിരുന്നു. വെടിയുണ്ടകൾ കൊണ്ടൊരു മതിൽ തീർക്കുന്ന നിലയിലായിരുന്നു തുരുതുരാ വെടി.


പോർച്ചുഗീസിലെ നിലപാടിനെ വെല്ലുവിളിക്കാൻ വെടിയുണ്ട മതിൽ ലംഘിച്ചേ മതിയാകൂ. എന്നാൽ അത് പ്രതീകാത്മകമാകണം. ജീവന് ബലി കഴിക്കാൻ പാടില്ല. അതായിരുന്നു ഡാങ്കേയുടെ ആഹ്വാനം. സത്യഗ്രഹികൾ ടോൾ ഗേറ്റ് കടക്കും മുമ്പേ പട്ടാളം നിറയൊഴിച്ചു തുടങ്ങിയിരുന്നു. 40 പേരുള്ള ആദ്യ ബാച്ചിൽ രണ്ടുപേർ വെടിയേറ്റ് കൺമുന്നിൽ പിടഞ്ഞുമരിച്ചു. തുടർന്ന് ഒരു ബാച്ചുകൂടി നീങ്ങിയെങ്കിലും ഗോവാ വിമോചന സമിതി യോഗം ചേർന്ന് ഇനി സത്യഗ്രഹികളെ അയയ്ക്കേണ്ട എന്നു തീരുമാനിച്ചു. മൂന്നാം ബാച്ചിലായിരുന്നു ഞാനും സഹപ്രവർത്തകരും. ഞങ്ങൾക്ക് പോകേണ്ടിവന്നില്ല. പത്രസമ്മേളനത്തിൽ ഡാങ്കേ ഇങ്ങനെ നിലപാട് വ്യക്തമാക്കി: പോർച്ചുഗീസ് പട്ടാളം മനുഷ്യനെ വെടിവച്ചു വീഴ്ത്തുകയാണ്. അവരെ നേരിടാൻ ഇന്ത്യൻ പട്ടാളം ഇടപെടേണ്ടി വരും.... ആ വാക്കുകൾ പിന്നീട് ചരിത്രമായി.

പഞ്ചാബിയായ കർണൽ സിംഗും മഹാരാഷ്ട്രക്കാരലായ മധുകർ ചൌധരിയുമായിരുന്നു വെടിയേറ്റു മരിച്ച രണ്ടു സത്യഗ്രഹികൾ.


എസ്.എ.ഡാങ്കേ


അജയഘോഷ്


കെ.കെ.വാരിയർ


കർണൽ സിംഗ്

ഡാങ്കേ സമരം പിന്വലിച്ചതായി പ്രഖ്യാപിച്ചെങ്കിലും സത്യഗ്രഹികൾ അതു പെട്ടെന്ന് ഉൾക്കൊള്ളാന് തയ്യാറായില്ല. വിമോചന സമിതിക്കാരെ ശാന്തരാക്കാന് ഡാങ്കേ ശ്രമിക്കുമ്പോൾ ഒരു ആദിവാസി സ്ത്രീ ത്രിവർണ്ണപതാക ഉയർത്തിപ്പിടിച്ചുകൊണ്ട് ടോൾ ഗേറ്റിലേക്ക് ഒരോട്ടം. നിറുത്താതെയുള്ള വെടിയൊച്ചകൾക്കിടയിൽ അവർ പിടഞ്ഞു വീണു. അപ്പോഴും അവർ ഗോവ വിമോചന മുദ്രാവാക്യം മുഴക്കുന്നുണ്ടായിരുന്നു. ഞങ്ങളെല്ലാം ചേർന്ന് അവരെ സ്ട്രെച്ചറിൽ എടുത്ത് റെഡ് ക്രോസിന്റെ ആംബുലൻസിൽ ആശുപത്രിയിലാക്കി. ദേഹമാകെ വെടിയേറ്റെങ്കിലും അവർ രക്ഷപ്പെട്ടു. മധ്യപ്രദേശിൽ നിന്നുള്ള ആദിവാസി സുഭദ്ര സാഗർ ആയിരുന്നു ആ ധീരവനിത. അവർ പിന്നീട് മധ്യപ്രദേശിൽ നിന്നും എം.പിയായത് മറ്റൊരു ചരിത്രം.

## വിമോചനസമരത്തിൽ പഠനം മുടങ്ങി


കണിയാപുരം
രാമചന്ദ്രൻ

ചിറ്റൂർ കോളേജിൽ നിന്നും ഡിഗ്രി കഴിഞ്ഞശേഷം എം. എയ്ക്ക് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ചേരുന്നത് വിമോചന സമരകാലത്താണ്. അതുകൊണ്ടുതന്നെ കോഴ്സ് പൂർത്തിയാക്കാനായില്ല. അന്ന് വിദ്യാർത്ഥി ഫെഡറേഷന്റെ സംസ്ഥാന സെക്രട്ടറിയാണ്. ക്ലാസിൽ കയറാൻ പോയിട്ട് അടങ്ങിയിരിക്കാൻ നേരമില്ല. സർക്കാരിനെതിരായ പ്രചാരണത്തെ ചെറുക്കാന് സര്വസന്നാഹവും ഉപയോഗിച്ച് രംഗത്തിറ ങ്ങിയേപറ്റൂ. അങ്ങനെ പാതിവഴിയിൽ എം എ നിന്നു. പിന്നീട് എഴുതി യെടുത്തതുമില്ല. ഞാൻ യൂണിവേഴ്സിറ്റി കോളേജിൽ ചേരുമ്പോൾ ചന്ദ്രചൂഡൻ സീനിയറായി ഉണ്ട്. കണിയാപുരം രാമചന്ദ്രനും പിന്നീട് പൊലീസ് മേധാവിയായ കൃഷ്ണൻ നായരും ജൂനിയറായി ഉണ്ട്


ചന്ദ്രചൂഡൻ